**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം - ഹൈടെക് സ്കൂൾ പദ്ധതി - സർക്കാർ/എയ്ഡഡ് എൽ.പി, യു.പി സ്കൂളുകളിലും ഡയറ്റുകളിലും ഐ ടി ലാബുകൾ സ്ഥാപിക്കുന്നതിന്റെ പൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിന് ഐടി @ സ്കൂളിനെ (നിലവിൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ - KITE) ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.2777/2017/പൊ.വി.വ** തിരുവനന്തപുരം, തീയതി,14.08.17

---

പരാമർശം:- 1) 14.10.16 ലെ സ.ഉ.(സാധാ)നം.3390/16/പൊ.വി.വ
2) 17.11.16 ലെ സ.ഉ.(അച്ചടി)നം.186/16/പൊ.വി.വ
3) 20.02.17 ലെ സ.ഉ.(സാധാ)നം.460/17/പൊ.വി.വ
4) 29.06.17 ലെ സ.ഉ.(സാധാ)നം.2088/17/പൊ.വി.വ
5) ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.08.2017 ലെ ഐടിഎസ്/ 2017/1515 നം.കത്ത്.

**<u>ഉത്തരവ്</u>**

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്ക്കരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് നോർത്ത്, തൃശ്ശൂർ ജില്ലയിലെ പുതുക്കാട്, ആലപ്പുഴ ജില്ലയിലെ ആലപ്പുഴ എന്നീ മണ്ഡലങ്ങളിൽ 8 മുതൽ 12 വരെയുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ ക്ലാസുകൾ ഹൈടെക് ആക്കുന്നതുമായി ബന്ധപ്പെട്ട് ഹൈടെക് സ്കൂളിന്റെ പൈലറ്റ് പദ്ധതി നടത്തുന്നതിന് നിബന്ധനകൾക്ക വിധേയമായി ഐടി @ സ്കൂളിനെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുന്നതിന് പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ ഐ ടി ഉപകരണങ്ങളുടെ പരമാവധി വില, മിനിമം സ്പെസിഫിക്കേഷൻ, വില്പനാന്തര സേവന വ്യവസ്ഥകൾ എന്നിവ നിഷ്കർഷിച്ചുകൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

ഹൈടെക് സ്കൂൾ പ്രോജക്ടിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസുകളിൽ നടപ്പാക്കിയ പൈലറ്റ് പദ്ധതിയുടെ മാതൃകയിൽ തെരഞ്ഞെടുത്ത 188 സർക്കാർ/എയ്ഡഡ് എൽ.പി, യു.പി സ്കൂളുകളിലും 14 ഡയറ്റുകളിലും ഐ ടി ലാബുകൾ സ്ഥാപിക്കുന്നതിന്റെ പൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിന് ഐടി @ സ്കൂളിനെ ചുമതലപ്പെടുത്തിയും ആയതിനുവേണ്ട അകെ തുകയായ 6,17,02,720/- രൂപ (ആറ് കോടി പതിനേഴ് ലക്ഷത്തിൽ രണ്ടായിരത്തിൽ എഴുന്നൂറ്റി ഇരുപത് രൂപ മാത്രം) ഐടി @ സ്കൂൾ പ്രോജക്ടിന്റെ ടി എസ് ബി അക്കൗണ്ടിൽ നിലവിലുള്ള ഫണ്ടിൽ നിന്നും ഉപയോഗിക്കുന്നതിനും അനുമതി നൽകണമെന്നാവശ്യപ്പെട്ട് ഐടി @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (5) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 188 സർക്കാർ/എയ്ഡഡ് എൽ.പി, യു.പി സ്കൂളുകളിലും 14 ഡയറ്റുകളിലും ഐ ടി ലാബുകൾ സ്ഥാപിക്കുന്നതിന്റെ പൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിന് പരാമർശം (1),(3) സർക്കാർ ഉത്തരവുകൾ പരിപാലിക്കപ്പെടണമെന്ന നിബന്ധനയിന്മേൽ ഐടി @ സ്കൂളിനെ (നിലവിൽ കേരള

ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ - KITE) ചുമതലപ്പെടുത്തി ഉത്തരവാകുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ അകെ തുകയായ 6,17,02,720/- രൂപ (ആറ് കോടി പതിനേഴ് ലക്ഷത്തിൽ രണ്ടായിരത്തിൽ എഴുന്നൂറ്റി ഇരുപത് രൂപ മാത്രം) ഐടി @ സ്കൂൾ പ്രോജക്റ്റിന്റെ ടി എസ് ബി അക്കൗണ്ടിൽ നിലവിലുള്ള ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ഉഷ ടൈറ്റസ്

സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി @ സ്കൂൾ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി,തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.